**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 852** **06-02-2023 - ൽ മറുപടിയ്ക്ക്**

**നോളജ് ഇക്കോണമി മിഷനിലൂടെ യുവാക്കളെ തൊഴിൽ സജ്ജരാക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ സി എച്ച് കുഞ്ഞമ്പു,<br>ശ്രീ. പി.വി. ശ്രീനിജിൻ,<br>ശ്രീ എം മുകേഷ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | നോളജ് ഇക്കോണമി മിഷനിലൂടെ യുവാക്കളെ തൊഴിൽ സജ്ജരാക്കുന്നതിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക വികസന വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | Kerala Knowledge Economy Mission ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ രൂപപ്പെടുത്തിയ Digital Work Force Management System എന്ന പോർട്ടലിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട തൊഴിൽ അന്വേഷികരെ രജിസ്റ്റർ ചെയ്യിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>നോളജ് ഇക്കോണമി മിഷനിലൂടെ യുവാക്കളെ തൊഴിൽ സജ്ജരാക്കുന്നതിന് പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപടികൾ സ്വീകരിച്ച് വരുന്നു. വകുപ്പ് മുഖേന അഭ്യസ്തവിദ്യരായ യുവാക്കൾക്ക് സ്ഥിരം തൊഴിൽ ലഭ്യമാക്കുന്നതിന് കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ, തൊഴിൽ ലഭ്യമാകുന്നതിനുള്ള മത്സര പരീക്ഷ പരിശീലന ധനസഹായം എന്നീ പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. |
| (ബി) | അഭ്യസ്തവിദ്യരായ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവാക്കൾക്ക് തൊഴിൽ പരിശീലനത്തിനും നൈപുണ്യ വികസനത്തിനുമായി സർക്കാർ സംവിധാനം ഉപയോഗപ്പെടുത്തി പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | ഉണ്ട്. അഭ്യസ്തവിദ്യരായ പട്ടികജാതി പട്ടികവർഗ്ഗ യുവജനങ്ങൾക്കിടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സ്ഥിരവരുമാനമുള്ള തൊഴിൽ ഉറപ്പ് വരുത്തി സാമൂഹിക സാമ്പത്തിക ഉന്നമനം കൈവരിക്കുന്നതിനായി ഐ.ടി, ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ്, അനിമേഷൻ, കൺസ്ട്രക്ഷൻ, ആരോഗ്യം, പ്ലാസ്റ്റിക്, വ്യവസായം, ഓയിൽ & ഗ്യാസ്, മറൈൻ വ്യവസായം, എയർലൈൻ, എയർപോർട്ട് മേഖല, കാർഗോ മാനേജ്മെന്റ് തുടങ്ങിയ വിവിധ മേഖലകളിൽ തൊഴിലധിഷ്ഠിത നൈപുണ്യ വികസന പരിശീലന പരിപാടികൾ സർക്കാർ അംഗീകൃത സ്ഥാപനങ്ങളായKASE (Kerala Academy for Skills Excellence), KELTRON (Kerala State Electronics |

| | | | |
|---|---|---|---|
| | | | Development Corporation Limited), CIPET (Central Institute of Petrochemicals Engineering & Technology), CDAC (Centre for Development of Advanced Computing), ASAP (Additional Skill Acquisition Programme Kerala ) എന്നിവ മുഖേന നടപ്പിലാക്കുന്നു. |
| (സി) | ഇവർക്ക് സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ട യുവ സംരംഭകർക്ക് സംരംഭകത്വ പരിശീലനം നൽകി സ്റ്റാർട്ടപ്പ് ഇൻകുബേഷൻ, മെന്റർഷിപ്പ്, സപ്പോർട്ട് എന്നീ സേവനങ്ങൾ ലഭ്യമാക്കി scalable Business ഉള്ള സംരംഭങ്ങളായി മാറ്റിയെടുക്കുന്നതിന് ഉതകുന്ന സ്റ്റാർട്ടപ്പ് ഡ്രീംസ് പദ്ധതി കേരള Start-Up-Mission നുമായി ചേർന്ന് വകുപ്പ് നടപ്പിലാക്കിവരുന്നു. ടി പദ്ധതിയുടെ ഭാഗമായി പട്ടികജാതി വികസന വകുപ്പിന്റെ തിരുവനന്തപുരം മണ്ണന്തലയിലുള്ള അംബേദ്കർ ഭവനിൽ 5000 ച.അടി സ്ഥലം 133.10 ലക്ഷം രൂപ വിനിയോഗിച്ച് ആവശ്യമായ സൗകര്യങ്ങളോടെ ഇൻകുബേഷൻ സെൻറർ സ്ഥാപിച്ച് പ്രവർത്തിച്ചു വരുന്നു. നാമമാത്രമായ ലൈസൻസ് ഫീസ് മാത്രമാണ് പട്ടികജാതി വിഭാഗത്തിലുള്ളവരിൽ നിന്ന് ഈടാക്കുന്നത്.<br><br>റിവോൾവിംഗ് ഫണ്ട് എന്ന പ്രത്യേക പലിശരഹിത സീഡ് ഫണ്ട് പദ്ധതി പട്ടികജാതി വിഭാഗങ്ങളിലുള്ളവർക്കായി ഈ പദ്ധതിയുടെ ഭാഗമായി ലഭ്യമാണ്. നൂതന ആശയമോ ഉല്പന്നമോ ഉള്ളവരെയാണ് മേൽ പറഞ്ഞ പരിശീലനത്തിനായി എടുക്കുന്നത് കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ എല്ലാ പദ്ധതികളുടെയും ആനുകൂല്യം സ്റ്റാർട്ട് ഡ്രീംസിലുള്ളവർക്കും ലഭിക്കും. ഓരോ സ്റ്റാർട്ട് അപ്പിനുമായി അനുവദിക്കുന്ന അടിസ്ഥാന സൗകര്യങ്ങളിൽ അതിവേഗ ഇന്റർനെറ്റും, പ്ലഗ് ആൻഡ് പ്ലേയ് വർക്ക് സ്റ്റേഷനും, കോൺഫറൻസ്-മീറ്റിംഗ് റൂം ഉൾപ്പെടെയുള്ള കോമൺ ഫെസിലിറ്റീസും സ്റ്റാർട്ടപ്പ് ഡ്രീംസിൽ ലഭ്യമാണ്. പ്രീ ഇൻകുബേഷൻ വിഭാഗത്തിൽ 3 മുതൽ 6 മാസം കാലയളവുവരെയും ഇൻകുബേഷൻ വിഭാഗത്തിൽ 11 മാസം വരെയുമാണ് നൽകിവരുന്നത്. ഇതിനുശേഷം സ്റ്റാർട്ടപ്പുകൾ കൂടുതൽ സമയപരിധി ആവശ്യപ്പെടുന്ന മുറയ്ക്ക് വിലയിരുത്തലുകളോടെ കാലയളവ് ദീർഘിപ്പിക്കുന്നതാണ്.<br><br>പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്ന എംപ്ലോയബിലിറ്റി എൻഹാൻസ്മെന്റ് പ്രോഗ്രാം പദ്ധതിയുടെ ഘടകമായ ഒ.ബി.സി പ്രൊഫഷണലുകൾക്ക് സ്റ്റാർട്ടപ്പ് സംരംഭങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിന് വായ്പ നൽകുന്ന പദ്ധതി സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കൂടി സ്റ്റാർട്ടപ്പുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ